ഭരണഭാഷ – മാതൃഭാഷ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

നമ്പർ. DTETVM/9022/2026-C2 (ACA) തീയതി: 30-10-2026

പരിപത്രം

വിഷയം:- സാങ്കേതികം- വിദ്യാഭ്യാസം- സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം- അക്കാദമിക് സെക്ഷൻ- പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കുള്ള 2025-26 അദ്ധ്യായന വർഷത്തെ പോസ്റ്റ് മെട്രിക് സ്കോളർ ഷിപ്പ് ഇ -ഗ്രാൻറിന് 3.0 പോർട്ടൽ മുഖേന അപേഷിക്കുന്നതിനുള്ള അവസാന തീയതി സംബന്ധിച്ച്

സൂചന :- 29.09.2026 തീയതി ടൈബൽ ഡവലപ്മെൻറ് ഓഫീസറുടെ കാര്യാലയത്തിൽ നിന്നും വന്ന കത്ത് നം. TDORNI/334/2025-C(3)

മേൽ സൂചന പ്രകാരം 2025-26 അധ്യയന വർഷത്തെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിനായി ഇ ഗ്രാൻഡ്സ് 3.0 പോർട്ടൽ മുഖേന അപേക്ഷ സമർപ്പിക്കുന്നതിനായി സൈറ്റ് ഒറ്റ തവണത്തേക്ക് ഓപ്പൺ ചെയ്യുവാൻ തീരുമാനിച്ചിട്ടുള്ളതും ഇതനുസരിച്ച് വിദ്യാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 16/11/2026 വരെ നീട്ടി നൽകിയിട്ടുള്ളതായും സൂചന പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അറിയിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ പോസ്റ്റ് മെട്രിക് തലത്തിലുള്ള അർഹരായ മുഴുവൻ വിദ്യാർത്ഥികളും ഈ അവസരം പ്രയോജനപ്പെടുത്തി അപേക്ഷകൾ സമയബന്ധിതമായി സമർപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് പത്തനംതിട്ട ജില്ലയിൽ ഈ വകുപ്പിന് കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപന മേധാവികളെയും അറിയിക്കുന്നതോടൊപ്പം എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികളും അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കണമെന്നും അറിയിക്കുന്നു.

Digitally signed by
ANI ABRAHAM
Date: 30-10-2026
21:32:03

ANI ABRAHAM
SENIOR JOINT DIRECTOR (PS)

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള പത്തനംതിട്ട ജില്ല സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി